LIBRARY ARCHIVES Kerala Legislative Assembly

20.	എസ്. ഉണ്ണികൃഷ്ണൻ, DCF (SF) Extenstion, എറണാകുളം	21-5-2015 മുതൽ 22-5-2015 വരെ
21.	ജി.ജെ. തെഗ്ഗി ഐ.എഫ്.എസ്, PCCF (Working Plam & Research)	21-5-2015 മുതൽ 22-5-2015 വരെ
22.	ബി.കെ. ശ്രീവാസ്തവ, ജോയിന്റ് ഡയറക്ടർ, ന്യൂഡൽഹി	23-5-2015 മുതൽ 27-5-2015 വരെ
23.	W.S സൂട്ടിംഗ് IFS (റിട്ടയേർഡ്)	26-5-2015 മുതൽ 31-5-2015 വരെ
24.	എൽ. ചന്ദ്രശേഖർ, ഐ.എഫ്.എസ്., സി.സി.എഫ്. (എസ്.എഫ്.), എറണാകുളം	26-5-2015 മുതൽ 31-5-2015 വരെ

(ഡി) വനം വകുപ്പിന്റെ www.kerala.forest.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഫോറസ്റ്റ് ഐ.ബി. ബുക്ക് ചെയ്യുന്നതിനുള്ള പ്രൊഫോർമ ലഭിക്കുന്നതാണ്. പൂരിപ്പിച്ച പ്രൊഫോർമ apccf-ed.for@karala.gov.in എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് അയച്ച് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുള്ള ഐ.ബികളിൽ മുറി ബുക്ക് ചെയ്യുന്നു. സർക്കാരിന്റെ പ്രോട്ടോകോൾ അനുസരിച്ചുള്ള വിശിഷ്ടവ്യക്തികൾക്കും, ഉന്നത ഉദ്യോഗസ്ഥർക്കും ആവശ്യമായി വരുന്നപക്ഷം നേരത്തേ ബുക്ക് ചെയ്തിട്ടുള്ള മുറികളുടെ ബുക്കിംഗ് റദ്ദ് ചെയ്ത് ബന്ധപ്പെട്ട വ്യക്തിയെ എസ്.എം.എസ്. സംവിധാനം മുഖേന അറിയിക്കുകയും ചെയ്യുന്നു.

വനങ്ങളുടെ ജൈവ വൈവിദ്ധ്യ സംരക്ഷണം

290 (294) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ആർ. സെൽവരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത കർമ്മ പരിപാടികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാന സർക്കാർ കേരള വനം വന്യജീവി വകുപ്പും പ്രതിജ്ഞാബദ്ധമാണ്. സംസ്ഥാന ഭൂവിസ്തൃതിയുടെ 29.10 ശതമാനം വനഭൂമിയും (ദേശീയ ശരാശരി 19 ശതമാനം) ആകെ വനവിസ്തൃതിയിൽ 28.41 ശതമാനം വന്യജീവി (സംരക്ഷണ) നിയമപ്രകാരം സംരക്ഷിച്ചുവരുന്ന പ്രദേശങ്ങളുമാണ്. വന ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും അംഗീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ ചുവടെ ചേർക്കുന്നു.

1. പ്രകൃതിദത്ത വനങ്ങളുടെ സംരക്ഷണം, പരിപാലനം, വികസനം.
2. വനത്തിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ.
3. വനത്തിലും വനേതര ഭൂമിയിലും വൃക്ഷാവരണം വർദ്ധിപ്പിക്കൽ.
4. വനത്തിനുള്ളിലും പുറത്തുമുള്ള വന്യജീവികളുടെ സംരക്ഷണവും പരിപാലനവും.
5. ഭൗതിക ആവശ്യങ്ങൾക്കായി വനത്തിന്മേലുള്ള ആശ്രിതത്വവും സമ്മർദ്ധവും ലഘൂകരിക്കൽ.
6. വനത്തിലുള്ള സസ്യ-ജന്തു ജനസ്സുക്കളുടെ ജീൻ പൂൾ സംരക്ഷണം.
7. ആദിവാസി ഗോത്രവിഭാഗങ്ങളുടെയും പരമ്പരാഗത വനവാസികളുടെയും ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ.
8. കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പ് നിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടുപുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ ജൈവ വൈവിധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ.
9. വനത്തിന്റെ ജലഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമുള്ള നടപടികൾ
10. ജനപങ്കാളിത്ത വനപരിപാലന പ്രക്രീയയിലൂടെയുള്ള വന സംരക്ഷണത്തിന് സാമൂഹിക പ്രതിബദ്ധത സംജാതമാക്കുന്നതിനുള്ള നടപടികൾ.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, നാഷണൽ ബാങ്ക് ഫോർ അഗ്രിക്കൾച്ചർ ആന്റ് റൂറൽ ഡെവലപ്പ്മെന്റ്, കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഫണ്ട് മാനേജ്മെന്റ് ആന്റ് പ്ലാനിംഗ് അതോറിറ്റി (CAMPA), ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി, ലോക ബാങ്ക്, യുണൈറ്റഡ് നേഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാം(UNDP), ഗ്ലോബൽ എൻവയോൺമെന്റ് ഫെസിലിറ്റി (GEF) എന്നീ

LIBRARY ARCHIVES Kerala Legislative Assembly

അന്താരാഷ്ട്ര ധനസഹായ സ്ഥാപനങ്ങളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ട്. പരിസ്ഥിതി മേഖലയിലെ സന്നദ്ധ സംഘടനകൾ, കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി സർവ്വകലാശാല, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട്, കേരള ബയോഡൈവേഴ്സിറ്റി ബോർഡ്, നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി, പെരിയാർ-പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകൾ, സ്റ്റേറ്റ് ഫോറസ്റ്റ് ഡെവല്പ്മെന്റ് ഏജൻസി തുടങ്ങിയ ഏജൻസികളുടെ സഹായവും ലഭ്യമാക്കിയാണ് കർമ്മ പരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) കർമ്മ പരിപാടികൾ നടപ്പിലാക്കി വരികയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ കർമ്മ പരിപാടികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക ഭരണാനുമതികൾ നൽകിയിട്ടുണ്ട്.

വനസംബന്ധമായ കേസ്സുകൾ

291 (295) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ വന സംബന്ധമായ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് എത്ര കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്താകെ വന സംബന്ധമായ 10106 കേസ്സുകൾ നിലവിലുണ്ട്.

(ബി) വനമേഖലയിൽ നിന്ന് അനധികൃതമായി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് 2665 കേസ്സുകൾ ഈ സർക്കാരിന്റെ കാലത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ഇടമലക്കുടിയുടെ വികസനത്തിനായി ചെലവഴിച്ച തുക

292 (296) ശ്രീ. വി. ശശി : താഴെക്കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 2015 മാർച്ച് 31 വരെ ചെലവഴിച്ച തുകയെത്രയെന്നും പ്രസ്തുത തുക എന്തിനെല്ലാം വേണ്ടിയാണ് ചെലവഴിച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ?